സ്ത്രീപീഡന കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം

6 (*529) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പി. ജയരാജൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന സ്ത്രീപീഡന കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ബി) സ്ത്രീപീഡന കേസുകളിൽ നീതിപൂർവകവും നിഷ്പക്ഷവുമായ അന്വേഷണം ഉണ്ടാകുന്നില്ലെന്ന നിയമസഭാ സമിതിയുടെ കണ്ടെത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പോലീസുകാർ പ്രതികളാകുന്ന സ്ത്രീപീഡന കേസുകളിൽ പല കാരണങ്ങൾ പറഞ്ഞ് കേസ് നീട്ടിക്കൊണ്ടുപോവുകയും ഒടുവിൽ പ്രതിയെ കുറ്റവിമുക്തമാക്കുന്നതിന് പോലീസ് ഒത്താശ ചെയ്തുകൊടുക്കുന്നതുമായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) സ്ത്രീകളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് പോലീസ് വകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 25-6-1996-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) 5494/96 ജി.എ.സി. പ്രകാരം തിരുവനന്തപുരം, ആസ്ഥാനമാക്കി ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ഒരു വനിതാ സെൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ 17 ജില്ലാ പോലീസ് ഓഫീസുകളോടനുബന്ധിച്ചും, ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.യുടെ ചുമതലയിൽ ഓരോ വനിതാ സെല്ലും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

ഇതിനു പുറമേ ചാർജിംഗ് അധികാരത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിൽ 3 വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ മറ്റ് എല്ലാ പോലീസ് ജില്ലകളിലും ഹെഡ്ക്വാർട്ടർ പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് വനിതാ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

(ബി) ഇക്കാര്യം മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആധികാരികമായ സമിതി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) പോലീസുകാർ പ്രതികളായ സ്ത്രീപീഡന കേസുകളിൽ നീതിയുക്തമായ അന്വേഷണം നടക്കുന്നുണ്ട്. ഇത്തരം കേസുകളിൽ പ്രതികളെ കുറ്റവിമുക്തമാക്കുന്നതിന് പോലീസ് ഒത്താശ ചെയ്തു കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീപീഡന കേസുകളിൽ പ്രതികളാകുന്ന പോലീസുകാർക്ക് എതിരെ കർശന നിയമ നടപടികളും വകുപ്പുതല ശിക്ഷണ നടപടികളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly